"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-നോർത്ത് വയനാട് ഡിവിഷനിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച പി. സോമരാജന്റെ മകൾ കുമാരി. ആർദ്ര.പി.എസ്സ് -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.13/2023/F&WLD തീയതി,തിരുവനന്തപുരം, 02-06-2023.

പരാമർശം:-

1. സ.ഉ. (പി) നം.12/99/പി &എ. ആർ.ഡി തീയതി 24.05.1999.
2. കുമാരി.ആർദ്ര.പി.എസ്സ്, അദ്വൈതം, പഴപത്തൂർ പി.ഒ, ബിനാച്ചി, വയനാട് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 23.01.2023 ലെ ഇ6/212/2023 നമ്പർ കത്തും അനുബന്ധരേഖകളും.
4. വയനാട് ജില്ലാ കളക്ടറുടെ 15.05.2023 ലെ DCWYD/1200/ 2023-A8 നമ്പർ കത്തും അനുബന്ധ രേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷനിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ 06.04.2016 ന് മരണപ്പെട്ട പി. സോമരാജന്റെ മകൾ കുമാരി. ആർദ്ര.പി.എസ്സ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം വയനാട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. സുൽത്താൻബത്തേരി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശി കൾ ഭാര്യ ശ്രീമതി.രേഖ.സി, മകൾ ആർദ്ര.പി.എസ്, മകൻ അദ്വൈത്.പി.എസ്, മാതാവ് ശ്രീമതി.സരോജിനി.പി എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 27.10.2004 ആണ്. ടിയാൾക്ക് 18 വയസ്സ് പൂർത്തിയായിട്ടുള്ളതും പ്ലസ് ടു പരീക്ഷ പാസ്സായിട്ടുള്ളതുമാണ്. ടിയാളുടെ കുടുംബ വാർഷിക

വരുമാനം 4,27,116/-രൂപയാണെന്ന് സുൽത്താൻ ബത്തേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷനിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ 06.04.2016 ന് മരണപ്പെട്ട പി. സോമരാജന്റെ മകൾ കുമാരി. ആർദ്ര.പി.എസ്സ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾക്കും വിധേയമായി, വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വർഷാവർഷം ഉണ്ടാകുന്ന ഒഴിവിൽ 5 ശതമാനത്തിൽ അധികരിക്കാതെ, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
കുമാരി. ആർദ്ര.പി.എസ്സ്, അദ്വൈതം, പഴുപത്തൂർ പി.ഒ, ബിനാച്ചി, വയനാട്-673 592. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 03-06-2023 09:00:42